**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1435** **28-07-2021 - ൽ മറുപടിയ്ക്ക്**

**കൊടകര കുഴൽപണ കവർച്ച കേസിലെ പോലീസ് അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. അൻവർ സാദത്ത് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കൊടകര കുഴൽപണ കവർച്ച കേസിലെ പോലീസ് അന്വേഷണം കാര്യക്ഷമമായി നടക്കുന്നില്ല എന്ന് ആക്ഷേപം ഉയർന്നിരിക്കുന്ന സാഹചര്യത്തിൽ അന്വേഷണം ഊർജ്ജിത മാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | കൊടകര കുഴൽപ്പണ കവർച്ച കേസിൽ പോലീസ് വളരെ കാര്യക്ഷമമായ അന്വേഷണമാണ് നടത്തി വരുന്നത്. കൊടകര പോലീസ് സ്റ്റേഷനിൽ ക്രൈം. 146/21 ആയി കേസ് രജിസ്റ്റർ ചെയ്ത ഈ കേസ് തൃശൂർ ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചാലക്കുടി ഡി.വൈ.എസ്.പി അന്വേഷണം ഏറ്റെടുത്തിരുന്നു. കേസിന്റെ ഗൗരവം കണക്കിലെടുത്ത് സംസ്ഥാന പോലീസ് മേധാവി തൃശൂർ റേഞ്ച് ഡി.ഐ.ജി.യുടെയും ക്രൈംബ്രാഞ്ച് എസ്.പി.യുടെയും മേൽനോട്ടത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് തുടരന്വേഷണം നടത്തി വരുന്നു. 22 പ്രതികളെ അറസ്റ്റ് ചെയ്ത് കുറ്റപത്രം 23.07.2021-ന് സമർപ്പിച്ചിട്ടുണ്ട്. അനധികൃതമായി പണം കൊണ്ടു വരുന്നത് സംബന്ധിച്ച് അന്വേഷണവും തുടർനടപടികളും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, ഇൻകംടാക്സ്, സംസ്ഥാന ഇലക്ഷൻ കമ്മീഷൻ എന്നീ ഏജൻസികൾ ആണ് സ്വീകരിക്കേണ്ടത്. ഇതിലേക്കായി കുറ്റപത്രത്തിന്റെ പകർപ്പ് സഹിതം റിപ്പോർട്ട് നൽകിയിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത കേസിൽ നിലവിൽ അറസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള പ്രതികളുടെ രാഷ്ട്രീയ ബന്ധം വ്യക്തമാക്കുവാൻ തയ്യാറാകുമോ; | (ബി) | പ്രസ്തുത കേസിൽ അറസ്റ്റ് ചെയ്തിട്ടുള്ള നാലാം പ്രതിയായ ദീപക് @ ശങ്കരൻ എന്നയാൾ ബി.ജെ.പി പ്രവർത്തകനാണെന്ന് ഇതുവരെയുള്ള അന്വേഷണ-ത്തിൽ വെളിവായിട്ടുണ്ട്. |
| (സി) | പ്രസ്തുത കേസുമായി ബന്ധപ്പെട്ട് കേരള പോലീസ് എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; കേസുകളുടെ അന്വേഷണ പുരോഗതി വ്യക്തമാക്കുമോ; | (സി) | പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് കൊടകര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 146/2021 U/s 120(B), 395, 412, 212, 427 IPC പ്രകാരമുള്ള കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി ബഹു. ഇരിങ്ങാലക്കുട JFCM കോടതി മുമ്പാകെ 23.07.2021 തീയതി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട് . |

| | | | |
|---|---|---|---|
| (ഡി) | കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ നടന്ന സമയം സംസ്ഥാനത്ത് കുഴൽപ്പണ ഇടപാടുകൾ നടന്നതായുള്ള വെളിപ്പെടുത്തലുകൾ ഉണ്ടായിട്ടും ഈ കാര്യത്തിൽ ഇടപെട്ട രാഷ്ട്രീയ നേതൃത്വത്തിലേക്ക് അന്വേഷണം പുരോഗമിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കാര്യത്തിൽ എന്തൊക്കെ തുടർ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത കേസിന്മേൽ സമഗ്രമായ അന്വേഷണമാണ് നടത്തിയിട്ടുള്ളത്. ബി.ജെ.പിയുടെ സംസ്ഥാന നേതാക്കളെയും വിവിധ ജില്ലകളിലെ നേതാക്കളെയും ചോദ്യം ചെയ്ത് വിവരം ശേഖരിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ